(7) കട്ടപ്പനയിൽ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടേയും ബസ്സ്റ്റേഷന്റേയും പ്രവർത്തനം

ശ്രീ. റോഷി അഗസ്റ്റിൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ അതോടൊപ്പം ഇടുക്കി ജില്ലയിലെ പ്രധാനപ്പെട്ട ഒരു പട്ടണമാണ് കട്ടപ്പന. കട്ടപ്പനയിൽ നിന്ന് ഒരു കെ.എസ്.ആർ.ടി.സി. ബസ് ഓപ്പറേറ്റ് ചെയ്യപ്പെടാൻ കഴിഞ്ഞില്ല എന്നുള്ളത് ഏറെ സങ്കടകരമാണ്. ഏറെ വിസ്തൃതിയുള്ള ടൗൺഷിപ്പും ജില്ലയുടെ വിവിധ പ്രദേശങ്ങളിലേയ്ക്ക് ഗതാഗത സൗകര്യമൊരുക്കുവാൻ ഉപയുക്തമാക്കാവുന്ന ടൗൺ എന്നുള്ള നിലയിൽ ഇവിടെ ഒരു ഡിപ്പോയുടെ പ്രവർത്തനം ആരംഭിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ത്രിതല പഞ്ചായത്തുകളുടെ ഫണ്ട്, എം. പി. ഫണ്ട്, എം. എൽ. എ. ഫണ്ട് തുടങ്ങിയവയിൽ നിന്നുള്ള തുക ഉപയോഗിച്ച് ഏകദേശം 80 ലക്ഷം രൂപയോളം മുടക്കി അതിനാവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങളൊക്കെ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. കേരളത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഏറെ അഭിനന്ദനം അർഹിക്കുന്ന ഒരു മന്ത്രിയായി മാറിയിരിക്കുന്നു. കാരണം കെ.എസ്.ആർ.ടി.സി. പ്രവർത്തനത്തിലും അതോടൊപ്പം ജനപ്രതിനിധികളുടെ കാര്യങ്ങളിലുമൊക്കെ അദ്ദേഹം കാണിക്കുന്ന താൽപ്പര്യം ഏറെ സന്തോഷത്തോടെ എടുത്തു പറയാൻ കഴിയുന്നതാണ്. ഹൈറേഞ്ചിനെ സംബന്ധിച്ച് ഗതാഗത സൗകര്യം ഏറെ പരിതാപകരമായിരിക്കുന്ന ഒരു സാഹചര്യത്തിൽ ഹൈറേഞ്ചിൽ നിന്ന് വിവിധ പ്രദേശങ്ങളിലേയ്ക്ക് ഉൾനാടൻ ഗതാഗതം മെച്ചപ്പെടുത്തുന്നതിന് ഞങ്ങളുടെ ഡിപ്പോ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകി ജില്ലയേയും അതോടൊപ്പം എന്റെ നിയോജക മണ്ഡലത്തേയും സഹായിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അപേക്ഷിക്കുയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) : സർ, കട്ടപ്പനയിൽ ട്രാൻസ്പോർട്ട് സബ് ഡിപ്പോ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട റോഷി അഗസ്റ്റിൻ നിവേദനം നൽകിയിരുന്നു. അത് പരിശോധിച്ചു. കെ.എസ്.ആർ.ടി.സി.-യുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കട്ടപ്പനയിൽ പോയി പരിശോധന നടത്തി. രണ്ട് ഏക്കർ 25 സെന്റ് വസ്തു ഇന്ന് കെ.എസ്.ആർ.ടി.സി.-ക്ക് അവിടെയുണ്ട്. സബ് ഡിപ്പോയ്ക്ക് ആവശ്യമായ കുറെയധികം കെട്ടിടങ്ങളും ഇതിനകം തന്നെ അവിടെ നിർമ്മിച്ചു കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.-യുടെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയനുസരിച്ച് പുതുതായി ഒരു സബ്ഡിപ്പോ അനുവദിക്കാൻ നിർവ്വാഹമില്ല എങ്കിലും ഇടുക്കി ജില്ലയുടെ പ്രത്യേക പ്രാധാന്യം പരിഗണിച്ച് മലയോര പ്രദേശത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട റോഷി അഗസ്റ്റിൻ ആവശ്യപ്പെട്ടതുപോലെ കട്ടപ്പനയിൽ ഒരു ട്രാൻസ്പോർട്ട് സബ് ഡിപ്പോ അനുവദിക്കുന്നതാണ്. അതോടൊപ്പം തന്നെ കുറെ കെട്ടിടങ്ങൾ ഇനിയും പൂർത്തിയായി വരാനുണ്ട്. അതുമാത്രമല്ല കട്ടപ്പനയിൽ നിന്ന് തൊട്ടടുത്ത ഡിപ്പോ ആയ കുമളിയിലേയ്ക്ക് 35 കിലോമീറ്ററും മൂലമറ്റത്തേയ്ക്ക് 70 കിലോമീറ്ററും പൊൻകുന്നത്തേയ്ക്ക് 83 കിലോമീറ്ററും തൊടുപുഴയിലേയ്ക്ക് 94 കിലോമീറ്ററും

LIBRARY ARCHIVES Kerala Legislative Assembly

ഈരാറ്റുപേട്ടയിലേയ്ക്ക് 106 കിലോമീറ്ററുമുണ്ട്. അത്രയും ഡിസ്റ്റൻസ് മറ്റ് ഡിപ്പോകളുമായിട്ടുണ്ട്. 50 ട്രിപ്പ് കെ.എസ്.ആർ.ടി.സി.-യുടെ ബസുകൾ ഇന്നിപ്പോൾ കട്ടപ്പനയിൽ വരുന്നുണ്ട്. അപ്പോൾ തീർച്ചയായും മറ്റ് സൗകര്യങ്ങൾ കൂടി ബഹുമാനപ്പെട്ട എം.എൽ.എ. ഇടപെട്ട് അവിടെ ചെയ്തു തരണം. കട്ടപ്പനയിൽ കെ.എസ്.ആർ.ടി.സി.-യുടെ ഒരു സബ് ഡിപ്പോ ആരംഭിക്കുന്നതാണ്.

(8) ശ്രീകൃഷ്ണപുരത്തെ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, വരൾച്ചാബാധിത ജില്ലയായി പ്രഖ്യാപിച്ച പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ തുടങ്ങിവച്ച കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. വർഷങ്ങൾക്ക് മുമ്പ് പ്രവർത്തനങ്ങൾ ആരംഭിച്ചു എന്നല്ലാതെ കാര്യമായ പുരോഗതി അവിടെ വരാത്തതിൽ ജനങ്ങൾ അസംതൃപ്തരാണ്. ശ്രീകൃഷ്ണപുരം, കടമ്പഴിപ്പുറം, വെള്ളിനേഴി, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ എൽ.ഐ.സി.-യുടെ സഹായത്തോടെ നടപ്പാക്കുന്ന 25 കോടിയുടെ പദ്ധതിക്ക് തുടക്കം കുറിച്ചപ്പോൾ അന്ന് അതിൽ പങ്കെടുത്ത മന്ത്രി പറഞ്ഞത് അതിന്റെ ഒന്നാം ഘട്ടം ഡിസംബർ മാസം പൂർത്തിയാകും എന്നാണ്. രണ്ട് ഡിസംബർ മാസം കഴിഞ്ഞിട്ടും അതിന്റെ പ്രവർത്തനം എവിടേയും എത്തിയില്ല. എപ്പോൾ ചോദിച്ചാലും ടാങ്ക് നിർമ്മിച്ചു കൊണ്ടിരിക്കുയാണെന്ന സാങ്കേതിക തടസ്സമാണ് പറയുന്നത്. അതിന്റെ പ്രവർത്തനം എവിടെവരെ എത്തി എന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. അതുപോലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോഴാണ് കരിമ്പടം ഗ്രാമപഞ്ചായത്തിലെ ഏഴരക്കോടി രൂപയുടെ ശുദ്ധജലവിതരണ പദ്ധതി ആരംഭിച്ചത്. അതിപ്പോൾ എവിടെയും എത്താതെ ജനങ്ങൾക്ക് കുടിവെള്ളം കിട്ടാത്ത അവസ്ഥയാണ്. കാരാക്കുറിശ്ശി, തച്ചമ്പാറ, കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതിയുണ്ട്. ഒമ്പതരക്കോടി രൂപയുടെ പദ്ധതിയാണ് കാരാക്കുറിശ്ശിയിൽ. ഗ്രാമപഞ്ചായത്ത് സ്ഥലം വാങ്ങി ഡിപ്പാർട്ടുമെന്റിന് വിട്ടുകൊടുത്തിട്ടുണ്ട്. ഇതുവരെ സ്ഥലം ഇല്ല എന്നായിരുന്നു പരാതി. പക്ഷേ ഡിപ്പാർട്ടുമെന്റ് ആണെങ്കിൽ ആ സ്ഥലം ഏറ്റെടുത്തു. എന്നാൽ അവിടെ കുടിവെള്ളമെത്തിക്കാൻ ടാങ്ക് നിർമ്മിച്ചു കൊണ്ടുള്ള പദ്ധതിയുടെ നടത്തിപ്പിന് വേഗത പോരാ. ചെർപ്പുശ്ശേരി ഗ്രാമപഞ്ചായത്തിലേത് 40 ലക്ഷം രൂപയുടെ ഒരു പദ്ധതിയാണ്. അത് പുതുക്കി പണിയുന്നതിനുള്ള പദ്ധതിയാണ്. അത് എവിടെയും എത്തിയിട്ടില്ല. 20 ലക്ഷം രൂപയുടെ ഉലിയം കുടിവെള്ള പദ്ധതി ചെർപ്പുശ്ശേരിയിലുണ്ട്. അതിന് പൈപ്പ് ഇട്ടിട്ടുണ്ട് എന്നല്ലാതെ മറ്റ് നടപടികൾ ഒന്നും തന്നെ വന്നിട്ടില്ല. ഏറ്റവും കൂടുതൽ വരൾച്ച ബാധിക്കുന്ന ഒരു ജില്ല എന്നുള്ള നിലയ്ക്കും കുടിവെള്ള ക്ഷാമത്തിന് രൂക്ഷത അനുഭവപ്പെടുന്ന പ്രദേശം എന്നുള്ള നിലയ്ക്കും ഈ പദ്ധതികൾ തുടങ്ങുക എന്നുള്ളതല്ല, പൂർത്തിയാക്കുക എന്നുള്ളതിന് ഗൗരവം കൊടുത്തുകൊണ്ട് അടിയന്തിരമായി ഈ പദ്ധതികൾ പൂർത്തിയാക്കി ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly